2023
MARCH
10
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

GODUGO

## എറണാകുളം ജില്ലാ കളക്ടറായി എൻ.എസ്.കെ ഉമേഷ് ചുമതലയേറ്റു



**കൊച്ചി:** എറണാകുളം ജില്ലാ കളക്ടറായി എൻ.എസ്.കെ ഉമേഷ് ചുമതലയേറ്റു. രാവിലെ 9.45 ന് കളക്ടറേറ്റിലെത്തിയ പുതിയ ജില്ലാ കളക്ടറെ എഡിഎം എസ്. ഷാജഹാന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. ബ്രഹ്മപുരം തീപിടിത്തവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണെന്ന് ചുമതലയേറ്റ ശേഷം കളക്ടർ പറഞ്ഞു. ബ്രഹ്മപുരത്ത് മുൻകളക്ടർ ഡോ. രേണു രാജ് തുടങ്ങിവച്ച പ്രവർത്തനങ്ങൾ തുടരും.

ബ്രഹ്മപുരത്തെ പ്രശ്നങ്ങൾ മനസിലാക്കി മാലിന്യനിർമ്മാർജനവുമായി ബന്ധപ്പെട്ട് ദീർഘകാല പരിഹാരത്തിനായി ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. ടീം എറണാകുളമായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കോർപ്പറേഷന്റെയും പൊതുനജനങ്ങളുടെയും സഹകരണത്തോടെ പ്രശ്നം പരിഹരിക്കുമെന്നും കളക്ടർ പറഞ്ഞു.എറണാകുളം കളക്ടറായിരുന്ന ഡോ.രേണുരാജിനെ കഴിഞ്ഞ ദിവസമാണ് വയനാട് കലക്ടറായി മാറ്റിയത്.രേണു രാജിനു പകരമാണ് പുതിയ കളക്ടറായി എൻ.എസ്.കെ ഉമേഷിനെ സർക്കാർ നിയമിച്ചത്.പുതിയ കലക്ടറായി ചുമതലയേൽക്കുന്ന എൻ.എസ്.കെ ഉമേഷിന്റെ പ്രധാന വെല്ലുവിളിയും ബ്രഹ്മപുരം തീപിടുത്തം തന്നെയായിരിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.തീ അണയ്ക്കാൻ സാധിച്ചെങ്കിലും ആറു ദിവസം പിന്നിട്ടിട്ടും പ്ലാസ്റ്റിക അടക്കമുള്ള മാലിന്യം കത്തിയതിനെ തുടർന്നുണ്ടായ വിഷപ്പുക ഇനിയും ശമിച്ചിട്ടില്ല.ഇത് ഗുരുതര ആരോഗ്യപ്രശ്നത്തിന് വഴിവെയുക്കുമെന്നാണ് ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

# വിഷപ്പുക യിൽ വീർപ്പുമുട്ടി കൊച്ചി

**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ പുക പൂർണമായും നിയന്ത്രണ വിധേയമാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. നിലയ്ക്കാതെ ഉയരുന്ന വിഷപ്പുക നാട്ടുകാരെയും നഗരവാസികളെയും കാര്യമായിതന്നെ ബാധിക്കുന്നുണ്ട്. രാത്രിയിൽ തുടർന്ന പ്രവർത്തനങ്ങൾ കലക്ടർ എൻ.എസ്.കെ. ഉമേഷ് നേരിട്ടെത്തി വിലയിരുത്തി. മണ്ണുമാന്തി യന്ത്രങ്ങൾ ഉപയോഗിച്ച് മാലിന്യം ഇളക്കി അടിയിലെ കനൽ വെള്ളമൊഴിച്ചു കെടുത്താനാണു ശ്രമം. ഹെലിക്കോപ്റ്ററിൽ നിന്ന് ആകാശമാർഗവും വെള്ളം ഒഴിക്കുന്നുണ്ട്.

രാത്രി 26 എസ്കവേറ്ററുകളും 8 ജെസിബികളുമാണു മാലിന്യം കുഴിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. തുടർച്ചയായി വെള്ളം പമ്പു ചെയ്യുന്നുണ്ട്. അഗ്നിരക്ഷാസേനയുടെ 200പേരും അൻപതിൽ പ്പരം സിവിൽ! ഡിഫൻസ് വൊളന്റിയർമാരും 35 കോർപ്പറേഷൻ ജീവനക്കാരും പൊലീസും പുകയണയ്ക്കൽ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്.

നേവിയുടെ 19 ജീവനക്കാരും ആരോഗ്യ വകുപ്പിൽനിന്ന് 6 പേരും പൊലീസും സേവന രംഗത്തുണ്ട്. മൂന്ന് ആംബുലൻസകളും ക്യാംപ് ചെയ്യുന്നു. 23 ഫയർ ടെൻഡറുകളും പ്രവർത്തിക്കുന്നു. എല്ലാ എസ്കവേറ്ററുകളും രാത്രി മുഴുവൻ പ്രവർത്തന



സജ്ജമാക്കണമെന്നായിരുന്നു കലക്ടറുടെ നിർദേശം. രാത്രിയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാർ സബ് കലക്ടർ പി. വിഷ്ണുരാജും ഡപ്യൂട്ടി കലക്ടർ അനിൽ കുമാറും ഇവിടെ ക്യാംപ് ചെയ്തു.

അതേസമയം, ബ്രഹ്മപുരം തീപിടിത്തവുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസ് ഹൈക്കോടതി ഇന്നു വീണ്ടും പരിഗണിക്കും. ജസ്റ്റിസുമാരായ എസ്. വി.ഭട്ടി, ബസന്ത് ബാലാജി എന്നിവരുടെ ഡിവിഷൻ ബെഞ്ചാണ് ഉച്ചയ്ക്ക് 1.45ന് വിഷയം പരിഗണിക്കുക. തീപിടിത്തവുമായി ബന്ധപ്പെട്ട സമഗ്ര റിപ്പോർട്ട് ജില്ലാ കലക്ടർ ഇന്ന് കോടതിയിൽ സമർപ്പിക്കും.



## എല്ലാത്തരം പാദരക്ഷകൾക്കും ഗുണനിലവാര മാനദണ്ഡം നിർബന്ധമാക്കുന്നു

**ന്യൂഡൽഹി:** ജൂലൈ 1 മുതൽ രാജ്യത്ത് വിൽക്കുന്ന എല്ലാത്തരം പാദരക്ഷകൾക്കും ഗുണനിലവാര മാനദണ്ഡം നിർബന്ധമാക്കുന്നു. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സിന്റെ ക്വാളിറ്റി കൺട്രോൾ ഓർഡറിന്റെ (ക്യൂസിഒ) കീഴിലേക്കാണ് ഈ വ്യവസായത്തെയും കൊണ്ടുവരുന്നത്.

റബർ സ്ലിപ്പർ മുതൽ ലെതർ ചെരിപ്പുകളും ഷൂസും വരെ ഇതിന്റെ പരിധിയിൽ വരും. ഗുണനിലവാരമില്ലാത്ത ഉൽപന്നങ്ങളുടെ ഇറക്കുമതി കുറച്ച് ആഭ്യന്തരവിപണിയെ ശക്തിപ്പെടുത്താനാണ് നീക്കമെന്നാണ് കേന്ദ്രത്തിന്റെ വിശദീകരണം.

എന്നാൽ ചെറുകിടവ്യവസായങ്ങൾക്ക് ഈ നീക്കം തിരിച്ചടിയാകുമെന്നും വിലയിരുത്തലുണ്ട്. 2021 ജൂലൈയിലാണ് ഇത് നടപ്പാക്കാനിരുന്നതെങ്കിലും സംരംഭകരുടെ ആവശ്യം പരിഗണിച്ച് ഇതിന്റെ കാലാവധി 2 തവണ നീട്ടുകയായിരുന്നു.

ക്യൂസിഒ അനുസരിച്ച് ബിഐഎസിന്റെ ഗുണനിലവാര മാനദണ്ഡം അനുസരിച്ചായിരിക്കണം ഇനി പാദരക്ഷ നിർമാണം. ഇതുമായി ബന്ധപ്പെട്ട ഗുണനിലവാര മാർക്കും ഉൽപന്നത്തിലുണ്ടാകും.

## സെൻസെക്സിൽ 700 പോയന്റ് തകർച്ച: നിഫ്റ്റി 17,400ന് താഴെ



**മുംബൈ:** പലിശ നിരക്ക് ഇനിയും ഉയർന്നേക്കുമെന്ന ഭീതിയിൽ ഓഹരി വിപണിയിൽ വീണ്ടും തകർച്ച. രണ്ടാം ദിവസവും വിപണിയിൽ വില്പന സമ്മർദം രൂപപ്പെട്ടു. യുഎസ് ഉൾപ്പടെയുള്ള ആഗോള വിപണികളും കനത്ത നഷ്ടത്തിലായിരുന്നു.

നിഫ്റ്റിയാകട്ടെ 17,400ന് താഴെയെത്തി. സെൻസെക്സ് 699 പോയന്റ് നഷ്ടത്തിൽ 59,107ലും നിഫ്റ്റി 199 പോയന്റ് നഷ്ടത്തിൽ 17,390ലുമാണ് വ്യാപാരം നടക്കുന്നത്.

മഹീന്ദ്ര ആൻഡ് മഹീന്ദ്ര, സൺ ഫാർമ, എൻടിപിസി, മാരുതി സുസുകി, ഹിന്ദുസ്ഥാൻ യുണിലിവർ, എച്ച്സിഎൽ ടെക്, വിപ്രോ, നെസ് ലെ ഇന്ത്യ, ഐടിസി, കൊട്ടക് മഹീന്ദ്ര ബാങ്ക്, പവർഗ്രിഡ് കോർപ്, ഏഷ്യൻ പെയിന്റ്സ്, എസ്ബിഐ തുടങ്ങിയ ഓഹരികളാണ് പ്രധാനമായും നഷ്ടത്തിൽ.എല്ലാ സെക്ടറൽ സൂചികകളും നഷ്ടത്തിലാണ്. രണ്ടു ശതമാനം താഴ്ന്ന മെറ്റൽ സൂചികയാണ് നഷ്ടത്തിൽ മുന്നിൽ. മിഡ്ക്യാപ്, സ്മോൾ ക്യാപ് സൂചികകളും ഒരു ശതമാനത്തോളം താഴ്ന്നു. ഏഷ്യൻ സൂചികകളിലും നഷ്ടത്തിലാണ് വ്യാപാരം നടക്കുന്നത്.



# കാത്തിരിപ്പിനൊടുവിൽ ഭീമൻ രഘുവിന്റെ ചാണ 17 ന് തിയേറ്ററിലെത്തും

**കൊച്ചി** : മലയാളികളുടെ പ്രിയതാരം ഭീമൻ രഘു ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രം ചാണ 17 ന് തിയേറ്ററിലെത്തും. ചിത്രത്തിൽ നായക കഥാപാത്രത്തെ അവതരിപ്പിക്കുന്നതും ഭീമൻ രഘുവാണ്.

ഉപജീവനത്തിനായി തെങ്കാശിയിൽ നിന്ന് തൻറെ തൊഴിൽ ഉപകരണമായ ചാണയുമായി കേരളത്തിലേക്ക് വരുന്ന ഒരു തമിഴ് യുവാവിൻറെ ജീവിതത്തിലുണ്ടാകുന്ന ആകസ്മിക സംഭവങ്ങളാണ് ചാണയുടെ ഇതിവൃത്തം. രണ്ട് തമിഴ് ഗാനങ്ങളാണ് ചിത്രത്തിലുള്ളത്.




അഭിനേതാക്കൾഭീമൻ രഘുവിനോടൊപ്പം പുതുമുഖനായിക മീനാക്ഷി ചന്ദ്രനാണ് ചിത്രത്തിലെ നായിക. രാമൻ വിശ്വനാഥ്, രഘുചന്ദ്രൻ, സമ്മോഹ്, സൂരജ് സുഗതൻ, കൃഷ്ണൻകുട്ടി നായർ, സനോജ് കണ്ണൂർ, വിഷ്ണു(ഭീമൻ പടക്കക്കട), മുരളീധരൻ നായർ, വിഷ്ണു, മണികണ്ഠൻ, അജിത്ത്, മീനാക്ഷി ആദിത്യ, സൗമ്യ, സിനി സാനു തുടങ്ങിയ നാടകരംഗത്തെ പ്രശസ്തരും പുതുമുഖങ്ങളായ ശ്രീറാം, അലൈന എന്നീ ബാലതാരങ്ങളും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്. കെ. സ്റ്റുഡിയോസ് അവതരിപ്പിക്കുന്ന ചാണ സംവിധാനം നിർവ്വഹിച്ചിരിക്കുന്നത് ദീ മൻ രഘുവാണ്. സ്വീറ്റി പ്രൊഡക്ഷൻസ്, നിർമ്മാണവും വിതരണവും നടത്തുന്നു. നിർമ്മാണംകെ ശശീന്ദ്രൻ കണ്ണൂർ, കഥ, തിരക്കഥ, സംഭാഷണം അജി അയിലറ, ഡി ഒ പി ജെറിൻ ജയിംസ്, അസോസിയേറ്റ് ഡയറക്ടർ രാമൻ വിശ്വനാഥൻ, എഡിറ്റർ ഐജു ആൻറു, മേക്കപ്പ്ജയമോഹൻ, കോസ്റ്റ്യൂംസ് ലക്ഷ്മണൻ,ആർട്ട് അജയ് വർണ്ണശാല, ഗാനരചനലെജിൻ ചെമ്മാനി, കത്രീന ബിജിമോൾ, മ്യൂസിക് മുരളി അപ്പാടത്ത്, പശ്ചാത്തല സംഗീതം മണികുമാരൻ, പ്രൊഡക്ഷൻ കൺട്രോളർ രൂപേഷ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അനിൽ കണ്ടനാട്. ഡി ഐ രഞ്ജിത്ത് ആർ കെ, സ്റ്റുഡിയോ കെ സ്റ്റുഡിയോ കൊച്ചി, സ്റ്റിൽസ്ലാലു വേട്ടമുക്ക്, ശ്രീക്കുട്ടൻ ,പി ആർ ഓ പി ആർ സുമേരൻ, ഡിസൈൻ സജീഷ് എം ഡിസൈൻസ്.



## മാലിന്യമല നീക്കം: പദ്ധതി ടെൻഡർ നടപടികളിലേക്ക്

**പാലക്കാട്:** നഗരസഭാ ട്രഞ്ചിങ് ഗ്രൗണ്ടിലെ മാലിന്യമല നീക്കാൻ ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതി ടെൻഡർ നടപടികളിലേക്ക്.

പ്ലാന്റിന്റെ അടിസ്ഥാനസൗകര്യ വികസനം, ബയോ മൈനിങ് എന്നിവയ്ക്കായി 22 കോടി രൂപയുടെ പദ്ധതിയാണു നടപ്പാക്കുന്നത്.എട്ട് ഏക്കറോളം വിസ്തൃതിയിൽ 78,000 മീറ്റർ ഘന മാലിന്യമുണ്ടെന്നാണ് ഏകദേശ കണക്ക്.

കൂട്ടുപാതയിലെ ട്രഞ്ചിങ് ഗ്രൗണ്ട് കത്താതിരിക്കാൻ വെള്ളം നനയ്ക്കുന്നത് ഉൾപ്പെടെ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും നഗരസഭയ്ക്കും സമീപവാസികൾക്കും ഉള്ളിൽ തീയാണ്.

മാലിന്യം ശാസ്ത്രീയമായി നിർമാർജനം ചെയ്യാത്തതിന്റെ പേരിൽ 2020 സെപ്റ്റംബറിൽ നഗരസഭയ്ക്കു മലിനീകരണ നിയന്ത്രണവിഭാഗം നോട്ടീസ് നൽകിയിരുന്നു. ഗ്രീൻ ട്രൈബ്യൂണൽ നിർദേശപ്രകാരമുള്ള പിഴയൊടുക്കേണ്ടി വരുമെന്നായിരുന്നു മുന്നറിയിപ്പ്.

തുടർന്നു മാലിന്യം നീക്കാൻ നഗരസഭ വാർഷിക പദ്ധതിയിൽ 50 ലക്ഷം രൂപ വകയിരുത്തി. കൂടിക്കിടക്കുന്ന മാലിന്യത്തിന്റെ അളവ് അളന്നു തിട്ടപ്പെടുത്തി.

ബയോ മൈനിങ്ങിനു വേണ്ട തുക നഗരസഭ കണക്കാക്കി. പക്ഷേ, കോവിഡ് മൂലം തുടർപ്രവർത്തനം നിലച്ചു. നഗരസഭയ്ക്കു മാത്രമായി ഫണ്ട് വകയിരുത്താൻ കഴിയില്ലെന്നതിനാൽ പണം ചോദിച്ചു സംസ്ഥാന സർക്കാരിനു കത്തയച്ചു.

വലിയ തുകയാണെന്നതിനാൽ സർക്കാരിനു ഫണ്ട് വിനിയോഗിക്കാൻ പരിമിതിയുണ്ടായിരുന്നു. ഒടുവിൽ ലോകബാങ്കിന്റെ സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സോളിഡ് വേസ്റ്റ് മാനേജ്!മെന്റ് പദ്ധതി പ്രകാരം 22 കോടി രൂപയുടെ പദ്ധതി അനുവദിച്ചു.

## വൈക്കം കയർ 30% വിലക്കിഴിവിൽ; ആദായ വിൽപന

**ആലപ്പുഴ:** കെട്ടിക്കിടക്കുന്ന കയർ! ഉൽപന്നങ്ങൾ വില കുറച്ചു വാങ്ങുന്നതിന്റെ ഭാഗമായി ഗോഡൗണുകളിൽനിന്ന് അവ തിരഞ്ഞെടുക്കാൻ കയർഫെഡ് അവസരമൊരുക്കി. ഉൽപന്നങ്ങൾ വില കുറച്ചു വിറ്റഴിക്കാനുള്ള സർക്കാർ പദ്ധതിയുടെ ഭാഗമാണിത്.

വിലക്കുറവ് എത്രയെന്ന് നിശ്ചയിച്ച് സർക്കാർ ഉത്തരവു വന്നിട്ടില്ല. ഉടൻ വരുമെന്നാണ് പ്രതീക്ഷയെന്നും നല്ല ഉൽപന്നങ്ങൾ ആവശ്യക്കാർക്കു തിരഞ്ഞെടുക്കാനുള്ള അവസരമാണു നൽകുന്നതെന്നും കയർഫെഡ് പ്രസിഡന്റ് ടി.കെ.ദേവകുമാർ പറഞ്ഞു.

കയർഫെഡ് ഗോഡൗണുകളിൽ ഉൽപന്നങ്ങൾ തിരഞ്ഞെടുക്കാൻ ആളുകൾ എത്തുന്നുണ്ടെന്ന് പ്രസിഡന്റ് പറഞ്ഞു. വിലയിലെ ചാഞ്ചാട്ടം പരിഹരിക്കാൻ സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് ഇതിലെ നഷ്ടം നികത്താമെന്നാണ് കയർഫെഡിന്റെ



പ്രതീക്ഷ.

ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിലൂടെ ഗോഡൗൺ വാടകയിലും ലാഭമുണ്ടാകും. 21 ഗോഡൗണുകളാണ് കയർഫെഡ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. വാടകയായി മാസം 5.69 ലക്ഷം രൂപ നൽകുന്നുണ്ട്.

വൈക്കം കയറിന് 30% വിലയിളവ് നൽകാനാണ് ആലോചന. ആറാട്ടുപുഴ, മങ്ങാട് തുടങ്ങി മറ്റുള്ളവയ്ക്ക് നിലവിലുള്ള സബ്സിഡി നൽകും. യന്ത്രത്തിൽ നിർമിച്ചവയ്ക്ക് 25% വില കുറയ്ക്കും. തമിഴ്നാട്ടിൽനിന്നുള്ള വില കുറഞ്ഞ കയറിനോടു വിപണിയിൽ മത്സരിക്കാനും ഇതിലൂടെ കഴിയും.

കയർ ഭൂവസ്ത്രത്തിനായുള്ള വലപ്പായ യന്ത്രങ്ങളിൽ നിർമിക്കാനും കയർഫെഡിന് ആലോചനയുണ്ട്. ഇത് തമിഴ്നാട് വിലയ്ക്കു നൽകാൻ കഴിയും. തമിഴ്നാട് കയർ പോലെ പ്ലാസ്റ്റിക് നൂൽ ചേർക്കാത്തതാണെന്ന മെച്ചവുമുണ്ട്. ഇതിനും 30% വിലക്കുറവുണ്ടാകും.

വിലയിളവിന്റെ കാര്യത്തിൽ സർക്കാർ തീരുമാനം കാത്തിരിക്കുകയാണ് കയർ കോർപറേഷൻ.

കുറഞ്ഞ വിലയ്ക്കു വിൽക്കാനുള്ള വിശദമായ ശുപാർശ കോർപറേഷൻ സർക്കാരിനു നൽകിയിട്ടുണ്ട്.

കരുത്തുറ്റ ഓജസ്സിന്റെ പുനർജന്മം

കായകൽപ ചികിത്സാരീതിയിൽ അമൂല്യ ഔഷധങ്ങളാൽ തയ്യാറാക്കിയ

ധാതു പുഷ്ടിയും ബലവും ഓജസ്സും വീണ്ടെടുക്കുവാൻ സഹായിക്കുന്നു

ഓജസെറ്റ് ക്യാപ്സൂൾ | OJUSET CAPSULES

SINCE 1995




ORDER NOW: 755 99 6 44 55

FREE DOCTOR CONSULTATION: 75 93 83 47 81

Available at amazon

എല്ലാ ഇംഗ്ലീഷ് - ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളിലും തപാലിലും ലഭിക്കുന്നു

www.ojuset.com

# ടാറ്റ ആശുപത്രി പൊളിച്ചു നീക്കും; കണ്ടെയ്നറുകൾ ഉപയോഗിക്കാനാവില്ലെന്ന് സർക്കാർ

**കാസർകോട്:** 30 വർഷത്തേക്ക് ഉപയോഗിക്കാമെന്നു പറഞ്ഞ് കോടികൾ മുടക്കി പണിത ചട്ടഞ്ചാൽ ടാറ്റ കോവിഡ് ഹോസ്പിറ്റലിലെ കണ്ടെയ്നറുകൾ പൂർണമായും പൊളിച്ചു നീക്കും. ടാറ്റ നിർമിച്ച കണ്ടെയ്നറുകൾ ജില്ലയിലെ കാലാവസ്ഥക്ക് അനുയോജ്യമല്ലാത്തതിനാൽ അവ പൂർണമായും മാറ്റി പുതിയ കെട്ടിടങ്ങൾ നിർമിക്കുമെന്ന് സി.എച്ച്.കുഞ്ഞമ്പു എംഎൽഎ അറിയിച്ചു. 3 വർഷം മുൻപ് പണിത കെട്ടിടം ഇനി പ്രവർത്തനം സാധ്യമല്ലാത്ത അവസ്ഥയിലാണെന്നു ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സുപ്രീം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിലും വ്യക്തമാക്കിയിരുന്നു.

കൃത്യമായ അറ്റകുറ്റപ്പണിയോ പരിചരണമോ ഇല്ലാത്തതാണ് ആശുപത്രി കെട്ടിടം തകരാർ കാരണമെന്നു വിമർശനമുണ്ടായിരുന്നു. കെട്ടിടത്തിൽ ധാരാളം പ്രശ്നങ്ങളുണ്ട്. മേൽക്കൂര ചോർന്നൊലിക്കുന്ന നിലയിലാണ്. പ്ലൈവുഡ് കൊണ്ടു നിർമിച്ച തറ നാശാവസ്ഥയിലാണ്. തീ പിടിത്ത സാധ്യത ഏറെയാണെന്ന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. വെന്റിലേറ്ററുകൾ അടക്കം ഉപകരണങ്ങൾ നാശാവസ്ഥയിലായി.

സീലിങ് വഴിയും ജനൽ വഴിയുമാണ് വെള്ളം ആശുപത്രിക്ക് അകത്ത് എത്തുന്നത്, ടാറ്റയാണു പണിതു നൽകിയതെങ്കിലും അറ്റകുറ്റപ്പണി നടത്തേണ്ടത് സംസ്ഥാന സർക്കാരാണ്. ആശുപത്രിയിലെ കണ്ടെയ്നറുകളിൽ വ്യാപക ചോർച്ചയുണ്ട്. മഴയിൽ സീലിങ് വഴിയും ജനൽ വഴിയും കാറ്റടിച്ചാൽ! വാതിലിൽ വഴിയും വെള്ളം ആശുപത്രിക്ക് അകത്തെത്തുന്നു. 125 കണ്ടെയ്നറുകളാണ് ഇവിടെ ഉള്ളത്. ഭൂരിഭാഗം കണ്ടെയ്നറുകളും ചോർന്നൊലിക്കുന്നുണ്ട്. ഇലക്ട്രിക് പ്ലഗ് അടക്കമുള്ള ഭാഗത്ത് കൂടിയാണ് വെള്ളം ഒലിച്ച് ഇറങ്ങുന്നത്. ഇത് ഷോർട്ട് സർക്യൂട്ടിന് വരെ കാരണമാകാമെന്ന സ്ഥിതിയാണ്.

ടാറ്റാ കമ്പനിയുടെ സിഎസ്ആർ ഫണ്ടിൽ ഉൾപ്പെടുത്തി 4.12 ഏക്കർ സ്ഥലത്ത് 81,000 ചതുരശ്ര അടി വിസ്തൃതിയിലാണ് കോവിഡ് ആശുപത്രി സ്ഥാപിച്ചത്. ടാറ്റ ട്രസ്റ്റ് സിഎസ്ആർ ഫണ്ടിൽ നിന്ന് 60കോടിയിലേറെ തുക മുടക്കിയാണ് നിർമാണം നടത്തുന്നതെന്നാണ് അന്ന് ജില്ലാ ഭരണകൂടം അറിയിച്ചത്. ജില്ലാ ഭരണകൂടം 12 കോടി രൂപ ചെലവഴിച്ച് ദേശീയപാതയിൽ നിന്ന് ആശുപത്രിയിലേക്കുള്ള അപ്രോച്ച് റോഡും നിർമിച്ചിരുന്നു. 2020 ഒക്ടോബറിൽ പ്രവർത്തനം ആരംഭിച്ചു. ഇതുവരെ ഇവിടെ 4987 കോവിഡ് രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്.



കൃത്യമായ ഇടവേളകളിൽ അറ്റകുറ്റപ്പണി നടത്തണമെന്നു കെട്ടിടം നിർമിക്കുമ്പോൾ തന്നെ അധികൃതർ പറഞ്ഞതാണ്.

പക്ഷേ അതുണ്ടായില്ല, മാത്രമല്ല, കോവിഡ് രോഗികളുടെ എണ്ണം കുറഞ്ഞപ്പോൾ പല വിധ ആവശ്യങ്ങൾക്കും ആശുപത്രി ഉപയോഗിക്കണമെന്ന് നിർദേശമുണ്ടായെങ്കിലും സർക്കാർ തീരുമാനം വൈകി.

ഇത്ര നാളും കെട്ടിടം വെറുതേ കിടന്ന് നശിച്ചു. ചെസ്റ്റ് സ്പെഷ്യൽറ്റി ആശുപത്രി, പെയിൻ ആൻഡ് പാലിയേറ്റീവ് കേന്ദ്രം, ഡയാലിസിസ് കേന്ദ്രം തുടങ്ങിയവ ഇവ ആരംഭിക്കണമെന്ന് ആവശ്യമുയർന്നിരുന്നു.

## കണ്ണൂർ വിമാനത്താവളത്തിന്റെ വളർച്ചയ്ക്ക് വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കും

**കണ്ണൂർ:** വടക്കേമലബാറിന്റെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തി രാജ്യാന്തര വിമാനത്താവളത്തിന്റെ വളർച്ചയ്ക്കു വഴിയൊരുക്കുമെന്ന് ആദ്യയാത്രക്കാരുടെ കൂട്ടായ്മയായ ടീം ഹിസ്റ്റോറിക്കൽ ഫ്ലൈറ്റ് ജേണി. കൂട്ടായ്മയുടെ ഉൾപ്പെടെ നിരന്തര ഇടപെടലിന്റെ ഫലമായി കണ്ണൂരിൽ ഹജ് പുറപ്പെടൽ കേന്ദ്രം അനുവദിച്ചതിൽ ആഹ്ലാദം പ്രകടിപ്പിച്ച് കൂട്ടായ്മയുടെ നേതൃത്വത്തിൽ കേക്ക് മുറിച്ചു.



എയർ ഇന്ത്യയുടെ കൂടുതൽ സർവീസ് കണ്ണൂർ വഴി ആരംഭിക്കണമെന്ന് ടാറ്റ സൺസ് ഗ്രൂപ്പ് പ്രസിഡന്റ് രമേഷ് നമ്പ്യാർക്ക് നിവേദനം നൽകി. വിമാനത്താവളത്തിന്റെ വളർച്ചയ്ക്കായി പാർലമെന്റിലും പുറത്തും ഇടപെടലുകൾ തുടരുമെന്നു പരിപാടി ഉദ്ഘാടനം ചെയ്ത ഡോ. വി.ശിവദാസൻ എംപി പറഞ്ഞു.

കണ്ണൂർ വിമാനത്താവളം വഴി സഞ്ചാരികൾ എത്തുന്ന തരത്തിൽ വിനോദസഞ്ചാര പാക്കേജുകൾ തയാറാക്കുമെന്ന് ഡൽഹി ആസ്ഥാനമായ പണിക്കേഴ്സ് ട്രാവൽസ് എംഡി ബാബു പണിക്കരും ബെംഗളൂരു ആസ്ഥാനമായ പടിക്കൽ ട്രാവൽസ് സിഇഒ മനോജ് പടിക്കലും പറഞ്ഞു. റോഡ് മാർഗവും വടക്കേമലബാറിലേക്ക് സഞ്ചാരികളെ എത്തിക്കുമെന്നും ഇവർ പറഞ്ഞു. കിയാൽ മാനേജിങ് ഡയറക്ടർ സി.ദിനേശ് കുമാർ, ഡയറക്ടർ ഡോ. എം.പി.ഹസ്സൻകുഞ്ഞി, ആർക്കിടെക്ട് ടി.വി.മധുകുമാർ, അബ്ദുൽ ലത്തീഫ് കെ.എസ്.എ, വി.പി. ഷറഫുദ്ദീൻ (വെയ്ക്), ജയദേവ് മാൽഗുഡി (വാക്), അശോക് ശങ്കർ, ഹിസ്റ്റോറിക്കൽ ഫ്ലൈറ്റ് ജേണി കോഓർഡിനേറ്റർ റഷീദ് കുഞ്ഞിപ്പാറാൽ, എസ്.കെ.ഷംസീർ, ഫൈസൽ മുഴപ്പിലങ്ങാട്, ബഷീർ അൽഹിന്ദ്, എൻ.പി.സി.രംജിത്, ദിനേശ് നമ്പ്യാർ, കണ്ണൂർ പ്രസ് ക്ലബ് ജോ.സെക്രട്ടറി എം.സന്തോഷ് എന്നിവർ പ്രസംഗിച്ചു.

## വേസ്റ്റ് ടു എനർജി പദ്ധതി നാലുവർഷമായിട്ടും നടപ്പിലായില്ല

**കോഴിക്കോട്:** സോണ്ട ഇൻഫ്രാടെക്കിനെ കരിമ്പട്ടികയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് കോർപ്പറേഷനിലെ പ്രതിപക്ഷ കൗൺസിലർമാർ കോർപ്പറേഷൻ സെക്രട്ടറിക്ക് പരാതി നൽകി. ഞെളിയൻപറമ്പിലെ വേസ്റ്റ് ടു എനർജി പദ്ധതി ഏറ്റെടുത്ത് നാല് വർഷമായിട്ടും പദ്ധതി നടപ്പാക്കാത്ത സാഹര്യത്തിലാണ് കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തണമെന്നു കാണിച്ച് പരാതി നൽകിയത്.

2019ലാണ് കോഴിക്കോട് ഞെളിയൻപറമ്പിൽ മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കാൻ സംസ്ഥാന വ്യവസായ കോർപ്പറേഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സോണ്ട ഇൻഫ്രാടെകുമായി കരാർ ഒപ്പുവെച്ചത്. മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചായിരുന്നു സോണ്ടയുടെ കരാർ. കോഴിക്കോട് കോർപ്പറേഷൻ, കൊയിലാണ്ടി, ഫറോക്ക് നഗരസഭ, കടലുണ്ടി, ഒളവണ്ണ, കുന്ദമംഗലം പഞ്ചായത്ത് എന്നിവിടങ്ങളിലെ മാലിന്യം സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. മുഖ്യമന്ത്രി പദ്ധതിയുടെ ഉദ്ഘാടനവും നിർവഹിച്ചു. പക്ഷെ നാല് വർഷം കഴിഞ്ഞിട്ടും ബയോമൈനിങ് പോലും പൂർത്തിയാക്കാൻ കമ്പനിയ്ക്ക് കഴിഞ്ഞിട്ടില്ല.

ഏഴരക്കോടി രൂപയാണ് പദ്ധതിയുടെ കരാർ പ്രകാരമുള്ള തുക. ഇത് നഗരസഭകൾ വീതിച്ച് നൽകണമെന്നായിരുന്നു തീരുമാനം. രണ്ടരക്കോടി രൂപ ഇതിനോടകം കോഴിക്കോട് കോർപ്പറേഷൻ ചെലവാക്കുകയും ചെയ്തു. പദ്ധതി ഏറ്റെടുത്ത ശേഷം നാല് തവണ കമ്പനിയ്ക്ക് അനുമതി രേഖകൾ കിട്ടാൻ വൈകി. മഴ, കോവിഡ് തുടങ്ങിയ പ്രശ്നങ്ങൾ കാരണം നിർമാണ പ്രവർത്തനങ്ങൾ തുടങ്ങാനായില്ല എന്നീ കാരണങ്ങൾ കാണിച്ച് കരാർ പുതുക്കി വാങ്ങിയിരുന്നു.

നൽകിയ കരാർ കഴിഞ്ഞ നവംബർ 15ന് അവസാനിക്കുകയും വീണ്ടും കരാർ പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് കോർപ്പറേഷനെ സമീപിക്കുകയും ചെയ്തതോടെയാണ് കമ്പനിക്കെതിരെ പ്രതിപക്ഷ കൗൺസിലർമാർ രംഗത്തെത്തിയത്. കാലതാമസം വരുത്തിയതിനാൽ നിയമനടപടികൾ സ്വീകരിക്കണമെന്നും കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തണമെന്നും ആവശ്യപ്പെട്ടാണ് കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് പരാതി നൽകിയത്.

ആരോഗ്യം

# വൃക്ക രോഗങ്ങളോട് ഇനി ബൈ ബൈ പറയാം, കിഡ്നി മാറ്റിവെക്കലിനെ കുറിച്ച് കൂടുതലറിയാം



ഡോ.വി.നാരായണൻ ഉണ്ണി
സീനിയർ കൺസൾട്ടന്റ് നെഫ്രോളജി ആസ്റ്റർ മെഡ്സിറ്റി

നമ്മുടെ ശരീരത്തിൽ ആവശ്യത്തിൽ കൂടുതലായി ഏത് പദാർത്ഥം എത്തിയാലും ശരീരം അത് പുറന്തള്ളും. ഈ പ്രക്രിയയിൽ പ്രധാന പങ്കുവഹിക്കുന്നത് വൃക്കകളാണ്. ശരീരത്തിലെ മാലിന്യങ്ങൾ ഫിൽറ്റർ ചെയ്ത് രക്തം ശുദ്ധിയാക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു അവയവമാണ് വൃക്ക. ആരോഗ്യമുള്ള വൃക്കകളാണ് വിഷപദാർത്ഥങ്ങളെയും അധികമായുള്ള ജലാംശത്തെയും ധാതുലവണങ്ങളെയും മൂത്രത്തിലൂടെ പുറന്തള്ളുന്നത്. അതായത് ഒരു മനുഷ്യന് സുഖകരമായി ജീവിച്ചിരിക്കാൻ, ആരോഗ്യമുള്ള വൃക്കകൾ കൂടിയേ തീരു. വൃക്കകൾക്ക് കാര്യമായ എന്തെങ്കിലും തകരാറുകൾ ഉണ്ടായാൽ ഉടനെ തന്നെ ഡയാലിസിസോ വൃക്കമാറ്റിവെക്കലോ ചെയ്യേണ്ടത് അനിവാര്യമാണ്.

### വൃക്കമാറ്റിവെക്കൽ എപ്പോൾ?


വൃക്ക രോഗം അവസാന ഘട്ടത്തിൽ എത്തിക്കഴിഞ്ഞു എന്ന് കേട്ടാൽ നാം മനസ്സിലാക്കേണ്ടത്, ആ രോഗിയുടെ വൃക്കകളുടെ 85% പ്രവർത്തനവും വീണ്ടെടുക്കാൻ കഴിയാത്ത വിധം നിലച്ചിരിക്കുന്നു എന്നാണ്. ആ രോഗിക്ക് മറ്റ് ആരോഗ്യപ്രശ്നങ്ങൾ ഇല്ലെങ്കിൽ വൃക്കമാറ്റിവെക്കലാണ് ഏറ്റവും നല്ല പോംവഴി.വൃക്കരോഗങ്ങൾ ഉണ്ടാകുന്നതിന് പലവിധ കാരണങ്ങൾ ഉണ്ട്. കുട്ടികളിൽ പാരമ്പര്യമായോ ജന്മനാ ഉണ്ടാകുന്ന പ്രശ്നങ്ങളാലോ ആണ് വൃക്കരോഗം കൂടുതലായി കാണപ്പെടുന്നത്. മുതിർന്നവരിൽ പ്രമേഹം, രക്താതിസമ്മർദം, വൃക്കയിലെ കല്ലുകൾ, അണുബാധ, പാടകെട്ടൽ, വൃക്കകൾക്കുള്ളിലെ ചെറിയ അരിപ്പകളെ ബാധിക്കുന്ന ഒരുകൂട്ടം അസുഖങ്ങൾ എന്നിങ്ങനെ നിരവധി കാരണങ്ങളാൽ ഗുരുതരമായ അവസാനഘട്ട വൃക്കരോഗങ്ങൾ ഉണ്ടാകാറുണ്ട്.

### വ്യത്യസ്ത വൃക്കമാറ്റിവെക്കൽ രീതികൾ

ജീവിച്ചിരിക്കുന്ന ദാതാക്കളിൽ നിന്നും മരിച്ചുപോയവരിൽ നിന്നും വൃക്കകൾ സ്വീകരിക്കാം. പക്ഷെ നിർഭാഗ്യവശാൽ, നമ്മുടെ സംസ്ഥാനത്ത് മരണാനന്തരം വൃക്കകൾ ദാനം ചെയ്യുന്നവരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണ്.18 വയസിനും 65 വയസിനും പ്രായമുള്ളവർക്ക് സ്വമേധയാ വൃക്കദാനം ചെയ്യാവുന്നതാണ്. ആരോഗ്യമുണ്ടെങ്കിൽ 65 വയസ്സ് പിന്നിട്ടവർക്കും ദാതാവാകാം.മാതാപിതാക്കൾ, മുത്തച്ഛനും മുത്തശ്ശിയും, സഹോദരങ്ങൾ, മക്കൾ, ജീവിതപങ്കാളി എന്നിവരാണ് നിയമാനുസൃത ദാതാക്കളുടെ പരിധിയിൽ വരുന്ന ബന്ധുക്കൾ.

### നടപടിക്രമങ്ങൾ എന്തെല്ലാം

ഒരു ദാതാവിനെ കണ്ടെത്തിക്കഴിഞ്ഞാൽ അയാളുടെ മെഡിക്കൽ ഫിറ്റ്നസ് പരിശോധിക്കുന്ന ഘട്ടമാണ് ആദ്യത്തേത്. ദാതാവിന്റെയും സ്വീകർത്താവിന്റെയും രക്തഗ്രൂപ്പും കോശഘടനയും യോജിക്കുന്നതാണോയെന്ന് നോക്കും. വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് രോഗിയുടെ ശരീരം തയാറാണോ എന്ന് കണ്ടെത്തുന്നതിനുള്ള ടെസ്റ്റുകളും നടത്തും.ഇന്ന്, ദാതാവിന്റെയും സ്വീകർത്താവിന്റെയും രക്തഗ്രൂപ്പ് ഒന്നല്ലെങ്കിൽ പോലും വൃക്ക മാറ്റിവെക്കാൻ കഴിയും. സർജറിക്ക് മുൻപ് അതിന് പ്രത്യേക ചികിത്സ ആവശ്യമാണ്. റോബോട്ടിക്ക് ശസ്ത്രക്രിയ ഉപയോഗിച്ചുള്ള വൃക്കമാറ്റിവെക്കലാണ് മറ്റൊരു പുതിയ സാങ്കേതികവിദ്യ. ഓപ്പൺ സർജറിയെക്കാൾ പലകാര്യങ്ങളിലും മികച്ചതാണ് റോബോട്ടിക്ക് വൃക്ക മാറ്റിവെക്കൽ.



### വൃക്ക മാറ്റിവെച്ചതിന് ശേഷം

സ്വീകർത്താവിന്റെ ശരീരത്തിൽ വച്ചുപിടിപ്പിച്ച വൃക്ക മറ്റൊരാളുടേതായതിനാൽ ശരീരം അതിനെതിരെ പ്രവർത്തിച്ചു എന്നുവരാം. ഈ നിരാകരണം തടയാനും സ്വീകരിച്ച വൃക്കയുടെ പ്രവർത്തനം തടസപ്പെടാതെയിരിക്കാനും രോഗി ഡോക്ടർ നൽകുന്ന മരുന്നുകൾ കഴിക്കണം. ആ കിഡ്നി പ്രവർത്തിക്കുന്നിടത്തോളം കാലം മരുന്നുകൾ തുടരണം. മരുന്ന് മുടങ്ങിയാൽ ശരീരം മാറ്റിവെച്ച കിഡ്നിയെ ഉപയോഗിക്കാതെ നിരാകരിക്കും.

### പ്രതിരോധമാണ് മാറ്റിവെക്കലിനേക്കാൾ നല്ലത്

വൃക്കരോഗങ്ങൾ വരാതെ നോക്കുന്നതാണ് അവ മാറ്റിവെക്കുന്നതിനേക്കാൾ നല്ലത്. വൃക്കകൾ കൂടുതൽ തകരാറിലാകുന്നതിന് മുൻപ് രോഗങ്ങൾ കണ്ടെത്തി കൃത്യസമയത്ത് ചികിത്സ തേടണം. പ്രമേഹം ഉള്ളവരാണെങ്കിൽ രക്തസമ്മർദ്ദവും രക്തത്തിലെ പഞ്ചസാരയുടെ അളവും നന്നായി നിയന്ത്രിക്കണം.

ജീവിതശൈലിയിൽ മാറ്റങ്ങൾ കൊണ്ടുവരണം. സ്ഥിരമായി വ്യായാമവും നല്ല ഡയറ്റും ശീലമാക്കണം. പുകവലി നിർത്തണം. ശരീരഭാരം നിയന്ത്രിക്കണം.

കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതും വൃക്ക രോഗങ്ങളെ നേരത്തെ കണ്ടെത്തി ചികിൽസിക്കാൻ സഹായിക്കും.

സെറം ക്രിയാറ്റിനിൻ, മൂത്രം, രക്തസമ്മർദ്ദം എന്നിവ പരിശോധിക്കുന്നതിലൂടെ വൃക്കരോഗങ്ങൾ നേരത്തെ കണ്ടെത്താൻ കഴിയും.

## ജീരകശാലയുടെ സുഗന്ധം വടക്കഞ്ചേരിയിലും



**വടക്കഞ്ചേരി:** ഭൗമസൂചിക പദവി ലഭിച്ച വയനാട്ടിലെ പരമ്പരാഗത സുഗന്ധ നെല്ലിനമായ ജീരകശാല വടക്കഞ്ചേരി വാക്കോട് പാടശേഖരത്തിൽ സുഗന്ധം പരത്തി കൊയ്ത്തിനു പാകമായി.

വാക്കോട് അബ്ദുൽ റഹ്മാന്റെ പാടത്താണ് പുതിയ പരീക്ഷണം നടത്തിയിരിക്കുന്നത്.വടക്കഞ്ചേരി കൃഷിഭവന്റെ ഔഷധ നെൽക്കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വയനാട്ടിൽ നിന്ന് എത്തിച്ച ജീരകശാല വിത്താണ് അബ്ദുൽ റഹ്മാൻ തന്റെ 50 സെന്റ് സ്ഥലത്തു പരീക്ഷിച്ചത്. രണ്ടാം വിളയിൽ ഏകദേശം 130 ദിവസമാണ് ജീരകശാല നെൽവിത്തിന് മൂപ്പുള്ളത്.

ജീരകത്തിന്റെ സവിശേഷ ഗുണമുള്ള ജീരകശാല ആന്റി ഓക്സിഡന്റുകളാൽ സമ്പുഷ്ടമാണെന്ന് കൃഷിഭവൻ അധികൃതർ പറഞ്ഞു. കൂടാതെ ഇരുമ്പ്, ബോറോൺ, സിങ്ക് തുടങ്ങിയ ധാതുക്കളുടെ മികച്ച ഉറവിടമാണ് ജീരകശാല അരി.

പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനും രക്തചംക്രമണം മെച്ചപ്പെടുത്താനും ഇതിന്റെ ഉപയോഗം സഹായകരമാകുന്നു. അടുത്ത വിളവിന് കൂടുതൽ പാടങ്ങളിൽ ജീരകശാല കൃഷിചെയ്യാനുള്ള തയാറെടുപ്പിലാണ് കർഷകർ.



## വർക്കർ, ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പള്ളുരുത്തി ഐ.സി.ഡി.എസ്. പ്രോജക്ടിലെ കുമ്പളം ഗ്രാമ പഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ വർക്കർ ഹെൽപ്പർ തസ്തികയിലേക്ക് വനിതകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. കുമ്പളം ഗ്രാമ പഞ്ചായത്തിൽ  സ്ഥിര താമസക്കാരായ 18 മുതൽ 46 വരെ പ്രായമുള്ളവർക്കാണ് അവസരം. എസ്.സി/ എസ്.ടി വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും.ശിശുവികസന പദ്ധതി ആഫീസർ, ഐ.സി.ഡി.എസ്. പ്രൊജക്ട് ഓഫീസ് പള്ളുരുത്തി, പള്ളുരുത്തി ബ്ലോക്ക് ഓഫീസ്, 682006 എന്ന വിലാസത്തിൽ മാർച്ച് 10 മുതൽ മാർച്ച് 25 വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്  പ്രവൃത്തി ദിവസങ്ങളിൽ 04842237276 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ പുതുതായി ആരംഭിക്കുന്ന ഐപി കൗണ്ടർ, എസ്.എസ്.ബി കൗണ്ടർ എന്നിവിടങ്ങളിലേക്കാവശ്യമായ കാർഡ് പ്രിൻറർ (രണ്ട് എണ്ണം) വിതരണം ചെയ്യുന്നതിന് അംഗീകൃത വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ മാർച്ച് 13 ന് ഉച്ചയ്ക്ക് 12 ന് മുമ്പായി സമർപ്പിക്കണം.

## തൊഴിൽരഹിത വേതനം: രേഖകൾ ഹാജരാക്കണം

ആലപ്പുഴ: പുറക്കാട് ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവർ രേഖകളുടെ പരിശോധനയ്ക്കായി മാർച്ച് 13 14 തീയതികളിൽ രാവിലെ 10 മണി മുതൽ ഒരു മണി വരെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ട് എത്തണം. പുതിയ റേഷൻ കാർഡ്, എംപ്ലോയ്മെന്റ് കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക്, സത്യവാങ്മൂലം ഇവയുടെ അസ്സൽ രേഖകളുമായാണ് എത്തേണ്ടത്.

## ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവൺമെന്റ് ടി.ഡി മെഡിക്കൽ കോളേജിലെ ബയോ കെമിസ്ട്രി വിഭാഗത്തിലെ ലാബിലേക്ക് ആവശ്യമായ ക്വാളിറ്റി കണ്ട്രോൾ മെറ്റീരിയൽസും റീജൻസും വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ മാർച്ച് 21ന് ഒരു മണി വരെ സ്വീകരിക്കും

ആലപ്പുഴ: ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളേജ് വസ്തുവിൽ നിൽക്കുന്നതും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ളതുമായ വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. മാർച്ച് 24ന് പകൽ 12 മണി വരെ ക്വട്ടേഷൻ സ്വീകരിക്കും.

# ബ്രഹ്മപുരം: ഒറ്റക്കെട്ടായി പ്രശ്നം പരിഹരിക്കുമെന്ന് കലക്ടർ ; പുകയണയുന്നതുവരെ രാവും പകലും പ്രവർത്തനം

**കൊച്ചി:** മാലിന്യപ്ലാന്റിലെ പുക അണയ്ക്കുന്നതിന്റെ വേഗം കൂട്ടാൻ സ്ഥാനമേറ്റെടുത്ത ഉടൻ ബ്രഹ്മപുരത്തെത്തി ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്. രാവിലെ 9.45 ന് സിവിൽ സ്റ്റേഷനിലെത്തി ചുമതലയേറ്റ ജില്ലാ കളക്ടർ ചേംബറിലെത്തി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. തുടർന്ന് ഉദ്യോഗസ്ഥർക്കൊപ്പം ബ്രഹ്മപുരം മാലിന്യപ്ലാന്റിലെത്തി. കൊച്ചി കോർപ്പറേഷൻ മേയർ എം. അനിൽ കുമാർ, പി.വി. ശ്രീനിജിൻ എംഎൽഎ എന്നിവരുടെ സാന്നിധ്യത്തിൽ അഗ്നിരക്ഷാ സേന, കോർപ്പറേഷൻ, പോലീസ്, ആരോഗ്യം, റവന്യൂ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുമായി സ്ഥിതിഗതികൾ വിലയിരുത്തി. എസ്കവേറ്ററുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം കൂടുതൽ ഊർജിതമാക്കാൻ കളക്ടർ നിർദേശിച്ചു. രാത്രിയും പകലും എസ്കവേറ്ററുകൾ ഉപയോഗിച്ച് മാലിന്യം വലിച്ചുനീക്കി വെള്ളം പമ്പ് ചെയ്യുന്ന പ്രവർത്തനങ്ങൾ തുടരും. ബ്രഹ്മപുരത്ത് എത്തിച്ചിട്ടുള്ള മുഴുവൻ എസ്കവേറ്ററുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും നിർദേശിച്ചു. എസ്കവേറ്ററുകളുടെ ഡ്രൈവർമാരെ അഗ്നിരക്ഷാ സേനയുടെ പ്രവർത്തനവുമായി ഏകോപിപ്പിക്കുന്നതിന് കോർപ്പറേഷന് നിർദേശം നൽകി. ബ്രഹ്മപുരത്തിന്റെ സമീപ പ്രദേശങ്ങളിലെ വായുവിന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമായ പഠനം നടത്താൻ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തി. തുടർന്ന് അഗ്നിരക്ഷാ സേനയ്ക്കൊപ്പം മാലിന്യക്കൂമ്പാരത്തിനു മുകളിലേക്ക് നടന്നു കയറിയ കളക്ടർ എസ്കവേറ്ററുപയോഗിച്ച് നടത്തുന്ന പുകയണയ്ക്കൽ പ്രവർത്തനങ്ങൾ വീക്ഷിച്ചു. മാലിന്യപ്ലാന്റിലെ പ്രവർത്തനങ്ങളും വിശദമായി മനസിലാക്കി. മേയർ പ്ലാന്റിന്റെ പ്രവർത്തനം കളക്ടർക്ക് വിശദീകരിച്ചു നൽകി. പുക ശമിപ്പിക്കൽ പൂർത്തിയാക്കാനുള്ള പ്രദേശങ്ങൾ അഗ്നിരക്ഷാ സേനയുടെ നേതൃത്വത്തിൽ വിശദീകരിച്ചു. പുക അണയ്ക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് കൂട്ടായി പരിശ്രമം ആവശ്യമാണെന്നും ജില്ലാ ഭരണകൂടം, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, പൊതുസമൂഹം എന്നിവർ ഒറ്റക്കെട്ടായി നിന്നാലേ പ്രതിസന്ധി പരിഹരിക്കാനാകൂ എന്നും കളക്ടർ പറഞ്ഞു. ബ്രഹ്മപുരത്ത് തീയണയ്ക്കാനുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷം ദീർഘകാലാടിസ്ഥാനത്തിൽ ശാശ്വത പരിഹാരമുണ്ടാക്കും. പുക ശമിപ്പിക്കാൻ നേവിയുടെയും വ്യോമസേനയുടെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കോർപ്പറേഷൻ, ഫയർ, റവന്യൂ, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം  പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ നിന്നുയരുന്ന പുകയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം. പുകയണയ്ക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരും ഫയർ ആന്റ് റെസ്ക്യൂ ഉദ്യോഗസ്ഥരും ആരോഗ്യ വകുപ്പിന്റെ നിർദേശ പ്രകാരമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്നും കളക്ടർ പറഞ്ഞു.



ചൊവ്വാഴ്ച മുതൽ പൂർണ്ണസജ്ജമായ പ്രവർത്തനമാണ് നടക്കുന്നതെന്ന് മേയർ എം. അനിൽകുമാർ പറഞ്ഞു. എസ്കവേറ്ററുകൾ ആവശ്യത്തിന് ലഭ്യമായിട്ടുണ്ട്. 52 എസ്കവേറ്ററുകളാണ് ഉപയോഗിക്കുന്നത്. 70 ശതമാനം സ്ഥലങ്ങളിലെ പുക അണച്ചു. പകൽ നടക്കുന്ന അതേ തീവ്രതയിൽ രാത്രിയും പ്രവർത്തിക്കും. കാറ്റ് അനുകൂലമാകുന്നത് രാത്രിയാണ്. ജീവനക്കാർക്ക് ആവശ്യത്തിന് മാസ്കുകളും ലഭ്യമാക്കി. ആരോഗ്യസംബന്ധമായ കാര്യങ്ങളിൽ ശക്തമായ ഇടപെടൽ ആരോഗ്യവകുപ്പ് നടത്തും. ഓക്സിജൻ പാർലറിനും കൺട്രോൾ റൂമിനും പുറമേ സ്വകാര്യ ആംബുലൻസ് കൂടി സജ്ജമാക്കും. മാലിന്യനീക്കം സംബന്ധിച്ച് വീണ്ടും ചർച്ച നടത്തി തീരുമാനിക്കും. നഗരങ്ങളിൽ മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥ തുടരാൻ കഴിയില്ല. പ്ലാസ്റ്റിക്, ഭക്ഷണാവശിഷ്ടങ്ങൾ, റബ്ബർ, വർഷങ്ങളായി കിടക്കുന്ന ലെഗസി മാലിന്യങ്ങൾ തുടങ്ങിവയുണ്ട്. അതിനാൽ തീയണച്ചാലും ഉള്ളിലെ പുക നിലനിൽക്കും. അതിനാൽ എസ്കവേറ്ററിന്റെ പ്രവർത്തനം ഏറെ പ്രധാനമാണെന്നും മേയർ പറഞ്ഞു.

# കോതമംഗലത്ത് ആധുനിക കെ എസ് ആർ ടി സി ടെർമിനൽ; നിർമ്മാണോദ്ഘാടനം മന്ത്രി നിർവ്വഹിച്ചു

കോതമംഗലം :  കോതമംഗലം കെ എസ് ആർ ടി സി ആധുനിക ബസ് ടെർമിനലിന്റെ നിർമ്മാണോദ്ഘാടനം ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു നിർവ്വഹിച്ചു.ആന്റണി ജോൺ എം എൽ എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.എം എൽ എ ആസ്തി വികസന ഫണ്ടിൽ നിന്നും 2 കോടി 35 ലക്ഷം രൂപ ചെലവഴിച്ചാണ് കോതമംഗലം കെ എ സ് ആർ ടി സി ആധുനിക ബസ് ടെർമിനൽ നിർമ്മിക്കുന്നത്.മുൻസിപ്പൽ ചെയർമാൻ കെ കെ ടോമി,വൈസ് ചെയർപേഴ്സൺ സിന്ധു ഗണേശൻ,വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ എ നൗഷാദ്,ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രമ്യ  വിനോദ്,ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ വി



തോമസ്,മരാമത്ത് കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ബിൻസി തങ്കച്ചൻ,വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സിജോ വർഗീസ്,എഫ് ഐ റ്റി ചെയർമാൻ ആർ അനിൽകുമാർ,വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളായ കെ എ ജോയി,ബാബു പോൾ,ബേബി പൗലോസ്,സാജൻ അമ്പാട്ട്,രമേഷ് സോമരാജൻ,മാർ തോമ ചെറിയ പള്ളി വികാരി ഫാദർ ജോസ് പരത്തുവയലിൽ,തൃശ്ശൂർ പി ഡബ്ല്യു ഡി കെട്ടിട വിഭാഗം മധ്യമേഖല സൂപ്രണ്ടിംഗ് എൻജിനീയർ ശ്രീമാല വി കെ,കെ എസ് ആർ ടി സി എക്സിക്യൂട്ടീവ് ഡയറക്ടർ സെൻട്രൽ സോൺ സെബി കെ റ്റി,കെ എസ് ആർ റ്റി ഇ എ(സി ഐ റ്റി യു)സെക്രട്ടറി സാജു കെ പി,കോതമംഗലം കെ എസ് ആർ ടി സി ക്ലസ്റ്റർ ഓഫീസർ അഭിലാഷ് പി എ,കെ എസ് ആർ ടി സി ജീവനക്കാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ചർമത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ ബദാം സഹായിക്കുമെന്ന് പഠനം

**കൊച്ചി:** വിവിധ പഠനങ്ങൾ പ്രകാരം ബദാം ഉപയോഗം ചർമത്തിന്റെ തിളക്കം വർധിപ്പിക്കുമെന്ന് മെഡിക്കൽ ഡയറക്ടറും കോസ്മെറ്റോളജിസ്റ്റുമായ ഡോ.ഗീതിക മിത്തൽ ഗുപ്ത പറഞ്ഞു. ആയുർവേദം, സിദ്ധ, യുനാനി ഗ്രന്ഥങ്ങൾ അനുസരിച്ച് വിറ്റാമിൻ ഇ, കോപ്പർ, സിങ്ക്, പോളിഫെനോൾ എന്നിവയുടെ ഉറവിടം കൂടിയാണ് ബദാം. ഇത് ചർമത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കുമെന്നും അവർ പറഞ്ഞു. ബദാമിൽ അടങ്ങിയിരിക്കുന്ന ലിനോലെയിക് ആസിഡ്, ചർമത്തിന്റെ വരൾച്ച തടയാനും സഹായിക്കും. പ്രോട്ടീൻ, റൈബോഫ്ലേവിൻ, മാംഗനീസ്, ഫോളേറ്റ് തുടങ്ങി 15 പോഷകങ്ങളുടെ സ്വാഭാവിക ഉറവിടമായ ബദാം നല്ല ആരോഗ്യത്തിനായി നൽകുന്ന സമ്മാനമായും ഉപയോഗിക്കാം. ഹൃദയാരോഗ്യത്തിനും, ഭാരനിയന്ത്രണത്തിനും ബദാം പ്രയോജനം ചെയ്യും. ലോകമെമ്പാടുമുള്ള വിവിധ പഠനങ്ങൾ ബദാം ചർമത്തിനും ഹൃദയാരോഗ്യത്തിനും നല്ലതാണെന്നും പ്രതിരോധശേഷിയെ പിന്തുണയ്ക്കുന്നുവെന്നും കണ്ടെത്തിയിരുന്നു. കൂടാതെ ബദാം ദിവസേന കഴിക്കുന്നത് കുടലിന്റെ ആരോഗ്യത്തെയും സഹായിക്കുമെന്നും പഠന റിപ്പോർട്ടുകളുണ്ട്. കുടലിന്റെ ആരോഗ്യം പ്രോത്സാഹിപ്പിക്കുന്ന ബ്യൂട്ടറേറ്റ് എന്ന ഷോർട്ട്ചെയിൻഫാറ്റി ആസിഡിന്റെ ഉത്പാദനം വർധിപ്പിക്കാൻ ബദാം സഹായിക്കുമെന്നും ഈ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു

# ബ്രഹ്മപുരം തീപിടിത്തം

## ഇനി അണയ്ക്കാനുള്ളത് ചതുപ്പായ പ്രദേശങ്ങളിലെ പുക;ഫയർഫോഴ്സിന്റേത് സമാനതകളില്ലാത്ത പ്രവർത്തനം

**കൊച്ചി:** അഗ്നി രക്ഷാ സേനയുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ പ്രവർത്തനമാണ് ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ പുക അണയ്ക്കുന്നതിന് രാപ്പകൽ ഇല്ലാതെ നടക്കുന്നത്.ഇനി ചതുപ്പായ പ്രദേശങ്ങളിലെ പുകയാണ് അണയ്ക്കാനുള്ളതെന്ന് അഗ്നി രക്ഷാ സേന അധികൃതർ വ്യക്തമാക്കി.കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള ഫയർ യൂണിറ്റുകളിലെ ഇരുന്നൂറോളം അഗ്നി രക്ഷാപ്രവർത്തകർ പുക അണയ്ക്കുന്നതിനുള്ള അവസാനഘട്ട പ്രവർത്തനങ്ങളിലാണ്. 24 മണിക്കൂറും രണ്ട് ഷിഫ്റ്റ് ആയി പ്രവർത്തിക്കുന്നു.110 ഏക്കറിൽ 70 ഏക്കറിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾക്കാണ് തീപിടിച്ചത്. തീ പിടിത്തം നിയന്ത്രിച്ചെങ്കിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ പുകയുന്നതാണ് പ്രതിസന്ധി സൃഷ്ടിച്ചത്. 70 ശതമാനം പ്രദേശത്തെ പുകയൽ പൂർണ്ണമായും നിയന്ത്രിക്കാൻ കഴിഞ്ഞു. ബാക്കിയുള്ള 30 ശതമാനം പ്രദേശത്താണ് പുകയുള്ളത്. പുകയണയ്ക്കാൻ പ്ലാസ്റ്റിക് കുമ്പാരത്തിലേക്ക് ഒരു മിനിറ്റിൽ 40,000 ലിറ്റർ വെള്ളമാണ് അടിച്ചു കൊണ്ടിരിക്കുന്നത്. വലിയ പമ്പുകളിൽ കടമ്പ്രയാറിൽ നിന്ന് വെള്ളം അടിക്കുകയാണ്. പ്ലാസ്റ്റിക് മാലിന്യത്തിൽ എസ്കവേറ്റർ ഉപയോഗിച്ച് നാല് അടി താഴ്ചയിൽ കുഴിയെടുത്ത് അതിലേക്ക് വെള്ളം പമ്പ് ചെയ്താണ് പുക പൂർണ്ണമായും അണയ്ക്കുന്നത്. കൂടാതെ 20 ഫയർ ടെൻഡറുകളും ഉണ്ട്. ഒരു ഫയർ ടെൻഡറിൽ അയ്യായിരം ലിറ്റർ വെള്ളം സംഭരിക്കാൻ ശേഷിയുണ്ട്. ഫയർ ടെൻഡറുകൾ എത്താൻ ബുദ്ധിമുട്ടുള്ള സ്ഥലത്താണ് പമ്പുകളിൽ വെള്ളം അടിക്കുന്നത്. ചെയിൻഡ് എസ്കവേറ്ററാണ് ചവർ കുഴിയെടുക്കുന്നതിന് ഉപയോഗിക്കുന്നത്.ചില സ്ഥലങ്ങളിൽ പ്ലാസ്റ്റിക്കിന് ഒപ്പം ഖരമാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും അടങ്ങിയിരിക്കുന്നത് പുക അണയ്ക്കുന്നതിന് തടസമാകുന്നുണ്ട്. വളരെ അപകടകരമായ രീതിയിൽ ഏറെ ശ്രമകരമായ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് റീജിയണൽ ഫയർ ഓഫിസർ സുജിത് കുമാർ പറഞ്ഞു. ഇനി ചതുപ്പായ പ്രദേശങ്ങളിലെ പുകയാണ് അണയ്ക്കാനുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.




## ബ്രഹ്മപുരം പുക: 24 മണിക്കൂറും കൺട്രോൾ റൂമുകൾ

**കൊച്ചി:** ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ പുകയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും ആശങ്കകളും അറിയിക്കാൻ 24 മണിക്കൂർ കൺട്രോൾ റൂമുകൾ കളമശേരി മെഡിക്കൽ കോളേജിലും എറണാകുളം ഡി.എം.ഒ ഓഫീസിലും പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ കോളേജിലെ കൺട്രോൾ റൂമിലേക്ക് 8075774769 എന്ന നമ്പറിലും ഡി.എം.ഒ ഓഫീസിലെ കൺട്രോൾ റൂമിലേക്ക് 0484 2360802 എന്ന നമ്പറിലുമാണ് ബന്ധപ്പെടേണ്ടത്.ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കളമശേരി മെഡിക്കൽ കോളേജിൽ മൂന്ന് ഷിഫ്റ്റുകളിലായി ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെയും ഡി.എം.ഒ ഓഫീസിൽ മൂന്ന് ഷിഫ്റ്റുകളിലായി നാല് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ളവരുടെയും സേവനം ലഭ്യമാണ്. പുക മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നവർക്കായി മെഡിക്കൽ കോളേജിൽ പ്രത്യേക വാർഡ് തയ്യാറാക്കിയിട്ടുണ്ട്.വടവുകോട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ നേതൃത്വത്തിൽ 24 മണിക്കൂർ സേവനവുമുണ്ട്. തിങ്കളാഴ്ച മുതൽ ശ്വാസകോശ വിദഗ്ധന്റെ സേവനവും ആരംഭിച്ചിരുന്നു. പകൽ സമയങ്ങളിലാണ് ഇവരുടെ സേവനം ലഭ്യമാക്കുന്നത്. വ്യാഴാഴ്ച 12 പേർ ശ്വാസകോശ സംബന്ധമായ അസ്വസ്ഥതകളെ തുടർന്നു ഡോക്ടറെ കാണാൻ എത്തിയിരുന്നു. ഇതിൽ മൂന്ന് പേർക്കായിരുന്നു പുകയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടായിരുന്നത്.ബ്രഹ്മപുരത്തെ ആരോഗ്യ ഉപകേന്ദ്രത്തിലും പ്രത്യേക സൗകര്യങ്ങളുണ്ട്. ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 4.30 വരെ നേഴ്സിന്റെയും ഒന്നിടവിട്ട ദിവസങ്ങളിൽ ഡോക്ടർമാരുടെ നേതൃത്വത്തിൽ ക്യാമ്പും നടത്തിവരുന്നു. ശ്വാസതടസം നേരിടുന്നവർക്കായി ഓക്സിജൻ പാർലറുള്ള ആംബുലൻസും സർവസജ്ജമാണ്.പുക ശമിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി എലിപ്പനി പ്രതിരോധ മരുന്ന് വിതരണം ചെയ്തു. ഇവർക്കായി പ്ലാന്റിലും സമീപത്തുള്ള കെ.എസ്.ഇ.ബി സബ് സ്റ്റേഷനിലും മുഴുവൻ സമയ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

## വൈദ്യുതി ഉൽപ്പാദനത്തിൽ പുതിയ ചുവടുവെപ്പുമായി ഓട്ടോകാസ്റ്റ് ലിമിറ്റഡ്

**ആലപ്പുഴ:** വൈദ്യുതി ഉൽപ്പാദനത്തിൽ പുത്തൻ ചുവടുവെപ്പുമായി പൊതുമേഖല സ്ഥാപനമായ ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡ്. പ്രതിദിനം ഏകദേശം 8000 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന രണ്ട് മെഗാവാട്ട് ഗ്രൗണ്ട് മൗണ്ടഡ് സോളാർ പവർ പ്ലാന്റിന്റെ പ്രവർത്തനം മേയ് മാസത്തോടെ ആരംഭിക്കും. പ്രധാന യന്ത്രഘടകങ്ങൾ സ്ഥാപിക്കുന്ന ജോലികൾ യുദ്ധകാല അടിസ്ഥാനത്തിലാണ് പുരോഗമിക്കുന്നത്. സോളാർ പവർ പ്ലാന്റ് വഴി വൈദ്യുതി ഉത്പാദിപ്പിച്ച് കമ്പനിയുടെ പ്രധാന ഉപഭോഗ വസ്തുവായ വൈദ്യുതിയുടെ ചെലവ് ഗണ്യമായി കുറയ്ക്കുകയാണ് ലക്ഷ്യം. 6.5 ഏക്കറിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന 10 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. ഇതിലൂടെ ഏകദേശം 20 ലക്ഷം രൂപയോളം വൈദ്യുതി ഇനത്തിൽ കമ്പനിക്ക് ലാഭിക്കാനാവും.കമ്പനിയുടെ പ്രധാന ഉത്പന്നമായ ഇരുമ്പുരുക്ക് കാസ്റ്റിംഗ് നിർമ്മാണത്തിലെ ചിലവ് ഗണ്യമായി കുറച്ച് മത്സരക്ഷമത വർദ്ധിപ്പിക്കാനും ഇതിലൂടെ സാധിക്കും. ലോഹം വാർക്കുമ്പോൾ രൂപപ്പെടുന്ന സിലിക്ക മണൽ അവശിഷ്ടം ഉപയോഗിച്ച് കെട്ടിട നിർമാണത്തിന് ആവശ്യമായ ഇഷ്ടികകളുടെ നിർമാണവും ഇവിടെ നടക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയുമായുള്ള സാങ്കേതിക സഹകരണത്തോടെയാണ് ഇഷ്ടികകൾ നിർമ്മിക്കുന്നത്. ആദ്യം കമ്പനിയുടെ ആവശ്യത്തിനും പിന്നീട് വ്യാവസായിക അടിസ്ഥാനത്തിലും ഇഷ്ടികകൾ നിർമിക്കാനാണ് പദ്ധതിയെന്ന് ഓട്ടോകാസ്റ്റ് ചെയർമാൻ അലക്സ് കണ്ണമല പറഞ്ഞു. പ്രതിദിനം ആയിരം ഇഷ്ടികകൾ എന്ന തോതിൽ മാസം 25000 ഇഷ്ടികകൾ നിർമിക്കാവുന്നതാണ് ഇവിടത്തെ പ്ലാന്റ്. ഇന്ത്യൻ റെയിൽവേയുടെ ചരക്ക് തീവണ്ടികൾക്ക് ആവശ്യമായ പ്രധാന യന്ത്രഭാഗമായ കാസ്നബ് ബോഗികൾ നിർമ്മിച്ചു നൽകാൻ നോർതേൺ/സതേൺ റെയിൽവേ, ബി.എം.എൽ. പ്രൈവറ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നും പുതിയ ഓർഡറും കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്. ഏകദേശം 22 കോടിയോളം രൂപ വിറ്റുവരവ് ലഭിക്കുന്ന 762 ഓർഡർ ലഭിച്ചതിൽ 45 എണ്ണം വിജയകരമായി പൂർത്തിയാക്കി വിതരണം ചെയ്തു. അധിക വരുമാനം എന്ന നിലയ്ക്ക് ബി.പി.സി.എല്ലുമായി ചേർന്ന് കമ്പനി പരിസരത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ നടന്നു വരികയാണെന്നും ചെയർമാൻ പറഞ്ഞു.



## ഗതാഗത നിയന്ത്രണം

**ആലപ്പുഴ:** നഗരപാത വികസന പദ്ധതിയുടെ ഭാഗമായി കൈചൂണ്ടി കൊമ്മാടി റോഡിൽ ഓടയുടെ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഇന്ന് (10) മുതൽ ഈ റോഡിൽ ഭാഗീക ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

## രജിസ്ട്രേഷൻ പുതുക്കണം

**ആലപ്പുഴ:** കേരള മത്സ്യവിത്ത് ആക്ട് പ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള എല്ലാ മത്സ്യഫാമുകൾ/ഹാച്ചറി/അക്വേറിയം കടകൾ എന്നിവയുടെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകൾ 31നകം ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നൽകണം. ഫോറം 9ലുള്ള അപേക്ഷയും ഫോറം 10,11 എന്നിവയും പൂരിപ്പിച്ച് പഴയ ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതമാണ് അപേക്ഷിക്കേണ്ടത്. ഫോൺ: 0477 2251103.

## പരിശീലനം

**ആലപ്പുഴ:** കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കായി മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ 25ദിവസത്തെ തീവ്രപരിശീലന പരിപാടി നടത്തുന്നു. ഫോൺ: 0481 2731025.

## ലോക വൃക്ക ദിനാചരണം നടത്തി

**ആലപ്പുഴ:** ലോക വൃക്ക ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി നിർവഹിച്ചു. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. കെ. വേണുഗോപാൽ അധ്യക്ഷനായി. വൃക്കയുടെ ആരോഗ്യവുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പോസ്റ്റർ പ്രകാശനം ജനറൽ ആശുപത്രി കൺസൾട്ടന്റ് നെഫ്രോളജിസ്റ്റ് ഡോ. ഷബീറിന് കൈമാറി ജില്ല പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. ചടങ്ങിൽ ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. അനു വർഗീസ്, ആർ.എം.ഒ. ഡോ. ഷാലിമ, മാസ് മീഡിയ ഓഫീസർ എസ്. അരുൺ ലാൽ തുടങ്ങിയവർ സംസാരിച്ചു.

## തേക്ക് തടി വിൽപ്പനയ്ക്ക്

ആലപ്പുഴ: വീയപുരം സർക്കാർ തടി ഡിപ്പോയിൽ നിന്നും മാർച്ച് 18 മുതൽ പൊതുജനങ്ങൾക്കായി തേക്ക് തടികൾ ചില്ലറയായി വിൽക്കുന്നു. 2ബി, 3ബി ഇനത്തിൽപ്പെട്ട തേക്ക് തടികളാണ് വിൽപ്പനയ്ക്കുള്ളത്. താത്പര്യമുള്ളവർ ഈ ദിവസങ്ങളിൽ രാവിലെ 10നും വൈകിട്ട് 5നും ഇടയ്ക്ക് എത്തി 5 ക്യുബിക് മീറ്റർ വരെ തേക്ക് തടികൾ വാങ്ങാം. ഫോൺ; 8547600528, 04752222617.

## ദർഘാസ് ക്ഷണിച്ചു

**ആലപ്പുഴ:** സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ രോഗികൾക്ക് ആവശ്യമായി വരുന്ന ബ്രഡ് 2023 24 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യുന്നതിനായി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ മാർച്ച് 17ന് പകൽ ഒരു മണി വരെ സ്വീകരിക്കും. ഫോൺ: 0477 2251151

# റിട്ടയർമെന്റ് ഒരു ഇടവേളയാണ്, വിരാമമല്ല ; പഠന റിപ്പോർട്ട്

**കൊച്ചി:** റിട്ടയർമെന്റ് ആസൂത്രണത്തെക്കുറിച്ചുള്ള ഇന്ത്യക്കാരുടെ മനോഭാവമെന്താണെന്നു മനസിലാക്കാൻ ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ക്വാണ്ടം കൺസ്യൂമർ സൊലൂഷനുമായി സഹകരിച്ച് നടത്തിയ പഠനത്തിലാണ് റിട്ടയർമെന്റ് ഒരു ഇടവേളയാണ്, ഒരു വിരാമമല്ല എന്ന കണ്ടെത്തൽ. സ്ഥിരനിക്ഷേപത്തിനു പുറമേ പ്രധാനമായും എൻപിഎസ്, റിട്ടയർമെന്റ് ആന്വയിറ്റി പദ്ധതികൾ തുടങ്ങിയവയിൽ നിക്ഷേപത്തിന് അവർ തയാറാകുന്നുവെന്ന് പഠനം പറയുന്നു.പഠനത്തിൽ പങ്കെടുത്ത ഭൂരിപക്ഷവും വിരമിക്കലിനെ സാധ്യതകൾ നിറഞ്ഞ പുതിയ അവസരമായാണ് കാണുന്നത്. പുതിയ ജീവിതത്തിനു തുടക്കം കുറിക്കാനും ആഗ്രഹിക്കുന്ന രീതിയിൽ ജീവിക്കാനും കഴിയുന്ന സമയമായും വിരമിക്കലിനെ  അവർ കാണുന്നുവെന്നാണ് പഠനം പറയുന്നത്. പഠനത്തിൽ പങ്കെടുത്ത 83 ശതമാനം പേരുടേയും മുൻഗണന നിലവിലെ ജീവിതശൈലി തുടരുകയെന്നതാണ്. ജീവിതമാസ്വദിക്കുക, കൂട്ടുകാരുമായുള്ള ബന്ധം നിലനിർത്തുക, വിദേശയാത്രകൾ നടത്തുക, സാമ്പത്തിക സുരക്ഷിതത്വം അനുഭവിക്കുക, ജീവിതത്തിന്റെ പുതിയ അധ്യായത്തിൽ സമാധാനം ഉണ്ടാകുക തുടങ്ങിയവ അഞ്ചിൽ മൂന്നു പേരുടേയും റിട്ടയർമെന്റ് ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.വിരമിക്കൽ കാലഘട്ടത്തെക്കുറിച്ചു പോസിറ്റീവ് മനോഭാവമുണ്ടെങ്കിലും പണപ്പെരുപ്പം തങ്ങളുടെ റിട്ടയർമെന്റ് സമ്പാദ്യത്തേയും അതുവഴി അവരുടെ ജീവിതശൈലിയേയും ബാധിക്കുമെന്ന് മൂന്നിൽ രണ്ടു പേർക്കും ആശങ്കയുണ്ട്. റിട്ടയർമെന്റ് കാലഘട്ടത്തിൽ മാരകമായ അസുഖം പിടിപ്പെട്ടാൽ ചികിത്സയ്ക്കാവശ്യമായ റിട്ടയർമെന്റ് നിധി ഉണ്ടായിരിക്കണമെന്ന് 67 ശതമാനം പേർ  കരുതുന്നു. ഇപ്പോൾ വരുമാനത്തിന്റെ 11 ശതമാനം റിട്ടയർമെന്റ് ആവശ്യത്തിലേക്കു മാത്രമായി നിക്ഷേപം നടത്തുന്നവരാണ്.  റിട്ടയർമെന്റ് സുഖകരമായി കൊണ്ടുപോകുവാൻ 65.4 ലക്ഷം രൂപയുടെ  ശരാശരി സഞ്ചിത നിധി വേണമെന്ന്  സർവേയിൽ പങ്കെടുത്തുവർ കണക്കാക്കുന്നു.2031 ഓടെ ഇന്ത്യയിലെ റിട്ടയർമെന്റ് ജനസംഖ്യ ഇപ്പോഴത്തേക്കാൾ 41 ശതമാനം വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ  മനീഷ് ദുബെ പറഞ്ഞു.രാജ്യത്തെ ഏറ്റവും വലിയ പെൻഷൻ, ആന്വിറ്റി ദാതാക്കളിൽ ഒരാളെന്ന നിലയിൽ, ഉപഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് ഉൽപ്പന്നങ്ങൾ വികസിപ്പിക്കാൻ തങ്ങൾ ശ്രമിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

# ടൈംസോൺ കോഴിക്കോട് ഹൈലൈറ്റ് മാളിൽ  പ്രവർത്തനമാരംഭിച്ചു



**കോഴിക്കോട് :** ബഹുരാഷ്ട്ര ഗെയിമിംഗ് സ്ഥാപനമായ ടൈംസോൺ കോഴിക്കോട് ഹൈലൈറ്റ് മാളിൽ പ്രവർത്തനമാരംഭിച്ചു. ടൈംസോണിന്റെ കേരളത്തിലെ ആദ്യത്തെ ഗെയിമിങ് സെന്ററാണിത്. 4 ലെയിൻ ബൗളിംഗ് സോൺ, ബമ്പർ കാർ റൈഡ് എന്നിവയുൾപ്പെടെ 90 ലേറെ ആർക്കേഡ് ഗെയിമുകളാണ് 18000 ചതുരശ്ര അടി സ്ഥലത്തൊരുക്കിയിരിക്കുന്നത്. എല്ലാ പ്രായവിഭാഗത്തിലുമുള്ള ആളുകൾക്ക് അനുയോജ്യമായ ഗെയിമിംഗ് സൗകര്യങ്ങളും റൈഡുകളും ടൈംസോണിലുണ്ട്. ഉദ്ഘാടനത്തോടനുബന്ധിച്ച് കോംബോ ഓഫറും ടൈംസോൺ നൽകുന്നുണ്ട്. ബൗളിംഗ്, ബമ്പർ കാർ, വിആർ, ക്രിക്കറ്റ് എന്നിവ ഒരുമിച്ച് 499 രൂപക്കു കളിക്കാം. ഈ ഓഫർ മാർച്ച് 31 വരെ ഉണ്ടാകുമെന്ന് ടൈംസോൺ ഇന്ത്യ സിഇഒ അബ്ബാസ് ജബൽപുർവാല പറഞ്ഞു. തങ്ങളുടെ തനതായ ഇൻഡോർ എന്റർടെയിൻമെന്റ് സങ്കൽപം കേരളത്തിൽ അവതരിപ്പിക്കാൻ കഴിയുന്നതിൽ സന്തോഷമുണ്ട്. ലോകമാകെ വലിയ സ്വീകാര്യത ലഭിച്ചിട്ടുള്ള പുതുയുഗ ഗെയിമുകളാണ് തങ്ങൾ സജ്ജമാക്കിയിരിക്കുന്നതെന്നും കേരളീയർക്ക് ഇതു ഗംഭീരമായ അനുഭവം സമ്മാനിക്കുമെന്നും അബ്ബാസ് ജബൽപുർവാല പറഞ്ഞു.ഏഷ്യ പസഫിക് മേഖലയിലെ 7 രാജ്യങ്ങളിലായി 320 ൽ പരം സ്ഥലങ്ങളിൽ ടൈംസോൺ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ ഇതിനകം അറുപതിലേറെ സ്ഥലങ്ങളിൽ ടൈംസോൺ സാന്നിദ്ധ്യമുറപ്പിച്ചിട്ടുണ്ട്.

# ഐഷർ മോട്ടോഴ്സ് 2070 സീരീസ് എ.സി സ്കൂൾ ബസ്സുകൾ പുറത്തിറക്കി



**15 ഐഷർ മോട്ടോഴ്സ് 2070 സീരീസ് എ.സി സ്കൂൾ ബസ്സുകളുടെ താക്കോൽ ചോയ്സ് ഫൗണ്ടേഷൻ പ്രിസിഡന്റ് ജോസ് തോമസ് ഐഷർ മോട്ടോഴ്സ് റീജണൽ മാനേജർ ഹെന്റി തോമസ്സിൽ നിന്നും ഏറ്റുവാങ്ങുന്നു. ബേബി തോമസ്, ജിമ്മി ജോസ്, ബോബി വർഗ്ഗീസ്, രഞ്ജിത്ത് കുമാർ, രവികുമാർ, നന്ദു തുടങ്ങിയവർ സമീപം.**

**കൊച്ചി :** ഇന്ത്യയിലെ പ്രമുഖ കൊമേഴ്സ്യൽ പാസഞ്ചർ വാഹന നിർമാതാക്കളായ ഐഷർ മോട്ടോഴ്സ് തങ്ങളുടെ 2070 സീരീസ് എ.സി സ്കൂൾ ബസ്സുകൾ പുറത്തിറക്കി. തൃപ്പൂണിത്തുറ ചോയ്സ് സ്കൂളിൽ നടന്ന ചടങ്ങിൽ 15 ബസ്സുകളുടെ താക്കോൽ സ്കൂളിനായി ചോയ്സ് ഫൗണ്ടേഷൻ പ്രിസിഡന്റ് ജോസ് തോമസ് ഐഷർ മോട്ടോഴ്സ് റീജണൽ മാനേജർ ഹെന്റി തോമസ്സിൽ നിന്നും ഏറ്റുവാങ്ങി. ചടങ്ങിൽ പ്രിൻസി ട്രാവൽസ് എം.ഡി ബേബി തോമസ്, പി.എസ്.എൻ. ഓട്ടോമൊബൈൽ പ്രതിനിധികളായ ജിമ്മി ജോസ്, ബോബി വർഗ്ഗീസ്, ഐഷർ മോട്ടോഴ്സ് ജീവനക്കാരായ രഞ്ജിത്ത് കുമാർ രവികുമാർ,നന്ദു എന്നിവരും പങ്കെടുത്തു.

# എന്റെ തൊഴിൽ എന്റെ അഭിമാനം ഉദ്ഘാടനം

**കൊച്ചി:** തൃക്കാക്കര നഗരസഭ പതിനാലാം പഞ്ചത്സര പദ്ധതിയിലെ വാർഷിക പദ്ധതിയുടെ ഭാഗമായി അഞ്ച് വർഷം കൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന സർക്കാർ ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി എന്റെ തൊഴിൽ എന്റെ അഭിമാനം  എന്ന പദ്ധതിയുടെ ഉദ്ഘാടനം നഗരസഭ കമ്മ്യൂണിറ്റി ഹാളിൽ ഇന്ന്  ഉച്ചയ്ക്ക് രണ്ടിന് ചെയർപേഴ്സൺ അജിത് തങ്കപ്പൻ നിർവ്വഹിക്കും. നഗരസഭയിലെ കെ.ഡിസ്ക്, കുടുംബശ്രീ എന്നിവരുമായി ചേർന്ന് തൊഴിൽരഹിതരുടെയും തൊഴിൽ ദാതാക്കളുടേയും രജിസ്ട്രേഷനും ഇതോടൊപ്പം നടത്തും.

# ഇ–റുപ്പി സൗകര്യം ലഭ്യമാക്കി കൊച്ചി മെട്രോ

- പാർക്കിംഗ് ഫീ ഇനി ഇ–റുപ്പിയായും നൽകാം
- തൈക്കൂടം സ്റ്റേഷൻ പാർക്കിംഗിൽ ഇ–റുപ്പി സ്വീകരിക്കും

KOCHI METRO RAIL LIMITED

**കൊച്ചി:** ആർബിഐ പുറത്തിറക്കിയിരിക്കുന്ന സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി സ്വീകരിക്കുന്ന ആദ്യ മെട്രോ ആയി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്. പാർക്കിംഗ് നിരക്കുകൾ ഇനി ഈ-റുപ്പിയായും നൽകാനുള്ള സംവിധാനമാണ് കൊച്ചി മെട്രോ ഒരുക്കിയിരിക്കുന്നത്.  തൈക്കൂടം മെട്രോ സ്റ്റേഷനോട് അനുബന്ധിച്ചുള്ള പാർക്കിംഗിലാണ് ഈ സേവനം ആദ്യം ലഭിക്കുക. പിന്നീട് മറ്റ് സ്റ്റേഷനുകളിലെ പാർക്കിംഗുകളിലേക്കും സൗകര്യം വ്യാപിപ്പിക്കും. ടെക്നോളജി സ്റ്റാർട്ട് അപ്പ് ആയ അനന്തം ഓൺലൈനാണ് ഐ.ഡി.എഫ്.സി ഫസ്റ്റ് ബാങ്കിന്റെ സഹകരണത്തോടെ കൊച്ചി മെട്രോ പാർക്കിംഗിൽ ഈ സേവനം ലഭ്യമാക്കിയിരിക്കുന്നത്. ഈ-റുപ്പി സേവനം നൽകുന്ന ബാങ്കുകളുടെ ഡിജിറ്റൽ വാലറ്റുകൾ വഴി പൊതുജനങ്ങൾക്ക് പണമിടപാടുകൾ നടത്താൻ സാധിക്കും. ഈ സേവനത്തിന്റെ ഉദ്ഘാടനം കെഎംആർഎൽ എംഡി .ലോക്നാഥ് ബെഹ്റ  രാവിലെ 10.30ന് തൈക്കൂടം മെട്രോ സ്റ്റേഷൻ പാർക്കിംഗിൽ നടത്തും. ആർബിഐ,ഐ.ഡി.എഫ്.സി ഫസ്റ്റ് ബാങ്ക്, അനന്തം ഓൺലൈൻ പ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.

# സഹപാഠികളുടെ ബിനാലെ അവതരണങ്ങൾ കാണാൻ ഗുജറാത്തിൽ നിന്നുള്ള വിദ്യാർഥി സംഘം



**കൊച്ചി:** 35 മണിക്കൂർ തീവണ്ടിയിൽ യാത്രചെയ്ത് ഗുജറാത്തിൽ നിന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിലെ 56 അംഗ വിദ്യാർത്ഥി സംഘം എത്തിയത് കൊച്ചി ബിനാലെ ഫീൽഡ് സ്റ്റഡിയുടെ ഭാഗമായതുകൊണ്ടെങ്കിലും അതിനു പിന്നിൽ മറ്റൊരു പ്രധാന കാരണമുണ്ട്: ബിനാലെയിലെ സഹപാഠികളുടെ കലാവതരണങ്ങൾ നേരിട്ട് കാണുക. അധ്യാപകർക്കൊപ്പം ഓരോ വേദിയിലുമെത്തി അവർ ആവിഷ്കാരങ്ങളുടെ അന്തഃസത്ത കണ്ടറിഞ്ഞു.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ ഗാന്ധിനഗർ, അഹമ്മദാബാദ് കാമ്പസുകളിലെ മൂന്നു വിദ്യാർത്ഥികൾ ഇക്കുറി ബിനാലെയിൽ ഭാഗഭാക്കായിട്ടുണ്ട്. കശീശ് കൊച്ചാർ, കുശ് ഖുക്കറേജ, കൊച്ചി സ്വദേശിനി സി എസ് നൗറിൻ എന്നീ ആർട്ടിസ്റ്റുകളുടെ സൃഷ്ടികളാണ് ബിനാലെയിൽ. മട്ടാഞ്ചേരി ടികെഎം വെയർഹൗസിൽ ക്ഷണിക്കപ്പെട്ട പ്രദർശന വിഭാഗത്തിലെ 'കമ്മ്യൂണിറ്റീസ് ഓഫ് ചോയ്സ്' എന്ന ലെൻസ് അധിഷ്ഠിത പ്രോജക്റ്റിലാണ് കശീശ് കൊച്ചാറിന്റെ പങ്കാളിത്തം. ബ്രിട്ടീഷ് കൗൺസിലിന്റെ പിന്തുണയോടെ ദി ചെന്നൈ ഫോട്ടോ ബിനാലെ ഫൗണ്ടേഷൻ ആൻഡ് ഫോട്ടോ ഗ്യാലറിയാണ് പ്രോജക്റ്റിന്റെ അവതാരകർ.സ്റ്റുഡന്റ്സ് ബിനാലെ വേദികളിലൊന്നായ മട്ടാഞ്ചേരി കെവിഎൻ ആർക്കേഡിലാണ് കുശ് ഖുക്കറേജയുടെയും സി എസ് നൗറിന്റെയും സൃഷ്ടികൾ. ഇരുവരും ഒരുക്കിയത് ഫോട്ടോ ഇൻസ്റ്റലേഷനുകൾ. നൗറിന്റേതായി മൾട്ടിമീഡിയ ഇൻസ്റ്റലേഷനുമുണ്ട്. കൊച്ചി ബിനാലെ പോലൊരു മഹത്തായ സമകാലീന കലാപ്രദർശനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ മൂന്ന് വിദ്യാർത്ഥികൾക്ക് പങ്കാളിത്തമുണ്ടെന്നത് ഏറെ അഭിമാനകരമാണെന്ന് സംഘത്തിന്റെ ഗൈഡ് അമർനാഥ് പ്രഫുൽ പറഞ്ഞു. ഗൈഡിനെക്കൂടാതെ മൂന്ന് അധ്യാപകരും നാല് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള സംഘത്തിനൊപ്പമെത്തി.പാറ്റ്ന ഹൈക്കോടതി ജഡ്ജി സുധീർ സിംഗ്, കഴിഞ്ഞ പതിപ്പിലെ ബിനാലെ ആർട്ടിസ്റ്റ് പ്രശാന്ത് പാണ്ഡെ, മുംബൈ ഗ്യാലറി മസ്കാരയുടെ ക്യൂറേറ്റോറിയൽ ഡയറക്ടർ അഭയ് മസ്കാര, ബെംഗളൂരു ദി മോണ്ടിസ്സോറി സ്കൂൾ ആൻഡ് ക്രിയാസ്ഥല യുടെ സ്ഥാപക കാവ്യ ചന്ദ്രശേഖറും അധ്യാപികയും വിദ്യാർഥികളും ഉൾപ്പെട്ട സംഘവും ബിനാലെ സന്ദർശിച്ചു.

# ടെക്നോപാർക്ക് വനിതാ ക്രിക്കറ്റ് ലീഗ്; രണ്ടാം എഡിഷന് തുടക്കം




**തിരുവനന്തപുരം:** അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ക്വസ്റ്റ് ഗ്ലോബലുമായി ചേർന്ന് വനിതാ ക്രിക്കറ്റ് ലീഗ് രണ്ടാം എഡിഷനുമായി തിരുവനന്തപുരം ടെക്നോപാർക്ക്. ടെക്നോപാർക്ക് ഗ്രൗണ്ടിൽ വച്ച് നടന്ന ചടങ്ങ് ലേബർ കമ്മീഷണർ കെ. വാസുകി ഉദ്ഘാടനം ചെയ്തു.സ്ത്രീകളിൽ കായിക ശീലങ്ങൾ വളർത്തുന്നതിനായുള്ള ടെക്നോപാർക്കിന്റെ ഇത്തരം ഇടപെടലുകൾ മാതൃകാപരമാണെന്നും, സ്ത്രീകൾ കൂടുതൽ ഉയരങ്ങൾ കീഴടക്കാൻ സമൂഹമൊന്നാകെ മുന്നോട്ട് വരണമെന്നും വാസുകി പറഞ്ഞു.ടെക്നോപാർക്ക് സി.ഇ.ഒ റിട്ട. കേണൽ സഞ്ജീവ് നായർ അധ്യക്ഷത വഹിച്ചു.ടെക്നോപാർക്ക് സി.എഫ്.ഒ ജയന്തി .എൽ, ക്വസ്റ്റ് ഗ്ലോബൽ എച്ച്.ആർ മാനേജർ ദേവി പി.എസ്, ആദ്യ മലയാളി വനിത ക്രിക്കറ്റ് അമ്പയർ ഷൈനി എന്നിവർ മുഖ്യാഥിതികളായി. ടെക്നോപാർക്ക് അസിസ്റ്റന്റ് മാനേജർ (എച്ച്.ആർ ആൻഡ് ലീഗൽ) ശ്രീജ വിജയൻ സംസാരിച്ചു. കോവിഡ് മഹാമാരിക്ക് ശേഷം ടെക്നോപാർക്ക് വീണ്ടും സജീവമാകുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ടൂർണമെന്റിന് ആവേശകരമായ പ്രതികരണമാണ് ജീവനക്കാരുടെ ഭാഗത്ത് ലഭിച്ചു വരുന്നത്. ഉദ്ഘാടനത്തെ തുടർന്ന് നടന്ന വാശിയേറിയ മാച്ചിൽ ടെക്നോപാർക്കിലെ വനിതാ ജീവനക്കാർ പരസ്പരം ഏറ്റുമുട്ടി, വരും ദിവസങ്ങളിൽ ടെക്നോപാർക്കിലെ വിവിധ കമ്പനികളിലെ ജീവനക്കാരുടെ ടീമുകൾ മത്സരത്തിൽ പങ്കെടുക്കും.

# 'വിമൻ ഓൺ വീൽസ്'; റാലി നടത്തി കിംസ്ഹെൽത്ത്




**തിരുവനന്തപുരം:** അന്താരാഷ്ട്ര വനിത ദിനാചരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ ആരോഗ്യവും സുരക്ഷയും മുൻനിർത്തി വിമൻ ഓൺ വീൽസ് ഇരുചക്ര വാഹന റാലി സംഘടിപ്പിച്ച് കിംസ്ഹെൽത്ത്. കേരള പിങ്ക് പോലീസ് പെട്രോൾ, തിരുവനന്തപുരം ലുലു മാൾ, യു.എസ്.ടി എന്നിവരുമായി സഹകരിച്ച് നടത്തിയ വാഹന റാലി തിരുവനന്തപുരം ഡി .ഐ.ജി ആർ. നിശാന്തിനി ഫ് ളാഗ് ഓഫ് ചെയ്തു. ടെക്കികളടക്കം പ്രായഭേദമന്യേ നൂറിലധികം വനിതകൾ പങ്കെടുത്ത റാലി ലുലു മാൾ പാർക്കിങ്ങ് ഏരിയയിൽ നിന്ന് ആരംഭിച്ച് നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി സഞ്ചരിച്ച് തിരികെ ലുലു മാളിലെത്തി പര്യവസാനിച്ചു. ഓരോ സ്ത്രീയുടെയും സുരക്ഷ അവരവരുടെ ഉത്തരവാദിത്തമാണെന്നും സ്ത്രീകൾക്ക് ആധിപത്യമല്ല മറിച്ച് തുല്യതയാണ് ഉറപ്പു വരുത്തേണ്ടതെന്ന് റാലി ഉദ്ഘാടനം ചെയ്ത ഡി.ഐ.ജി ആർ. നിശാന്തിനി പറഞ്ഞു. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി സൂംബാ ഡാൻസ് സെഷനോടു കൂടിയാണ് വനിതാദിനാഘോഷ പരിപാടികൾ ആരംഭിച്ചത്. കിംസ്ഹെൽത്ത് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ കൺസൽട്ടന്റ് ഡോ. നിത .ജെ, തിരുവനന്തപുരം യു.എസ്.ടി സെൻട്രൽ ഹെഡ് ശിൽപ മേനോൻ എന്നിവർ ചടങ്ങിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. കിംസ്ഹെൽത്ത് സി.ഇ.ഒ ജെറി ഫിലിപ്പ്, എച്ച്.സി.പി ആൻഡ് ആർ.സി.എം ഗ്രൂപ്പ് ഹെഡ് വിനോദ് വൈ. ആർ, യു.എസ്.ടി സീനിയർ എച്ച് ആർ ഡയറക്ടർ ഷെഫി അൻവർ, ലുലു മാൾ ജനറൽ മാനേജർ ഷെരീഫ് കെ.കെ, റീജിയണൽ മാനേജർ അബ്ദുൽ സലീം എന്നിവരും പങ്കെടുത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663